# ആലുവ ഉപജില്ല കേരള സ്കൂൾ കലോത്സവം 2014-15

## NOV 15,20,21,22 – Govt. Girls H.S.S. ALUVA

### പൊതു നിർദ്ദേശങ്ങൾ

1. എല്ലാ സ്കൂളുകളും മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളുടെ വിശദ വിവരങ്ങൾ ഓൺ ലൈൻ സോഫ്റ്റ്‌വെയറിൽ (http://www.schoolkalolsavam.in/kalolsavam2014) 07-**11-2014 വെള്ളിയാഴ്ച 5 മണിക്ക് മുമ്പായി** എന്റർ ചെയ്യേണ്ടതാണ്. ഡാറ്റ എൻട്രി പൂർത്തിയാക്കിയ ശേഷം ലഭിക്കുന്ന റിപ്പോർട്ടിന്റെ Print ആണ് AEO ഓഫീസിൽ സമർപ്പിക്കേണ്ടത്
2. Print ഓഫീസിൽ സ്വീകരിക്കുന്നത് 08-11-2014 ന് 5 മണി വരെയായിരിക്കും. Data Entry കൺഫേം ചെയ്ത ശേഷമായിരിക്കണം റിപ്പോർട്ടിന്റെ പ്രിന്റ് എടുക്കേണ്ടത്.
3. ഓൺ ലൈൻ വെബ്സൈറ്റിൽ പ്രവേശിക്കാനുള്ള User Name, Password എന്നിവ സ്കൂൾ കോഡ് തന്നെ ആയിരിക്കും.
4. രജിസ്ട്രേഷൻ 13-11-2014 കാലത്ത് 10 മണി മുതൽ 2 മണി വരെ മാത്രം Govt HAC LPS Aluva വെച്ച് നടക്കുന്നതാണ്.
5. ഒരു വിദ്യാലയത്തിൽ LP UP HS HSS എന്നിങ്ങനെ വിവിധ വിഭാഗങ്ങൾ ഉണ്ടെങ്കിൽ കൂടിയും ഒരു സ്കൂൾ കോഡും പാസ്‌വേഡും മാത്രമാണ് അനുവദിച്ചിട്ടുള്ളത്. എല്ലാ വിഭാഗത്തിന്റേയും ഡാറ്റ എൻട്രി കഴിഞ്ഞതിനു ശേഷമേ Confirm ചെയ്യാവൂ.
6. ഒരു വിദ്യാർത്ഥി ഒന്നിൽ കൂടുതൽ വിഭാഗങ്ങളിൽ (ജനറൽ, സംസ്കൃതം, അറബി) മത്സരിക്കുന്നുണ്ടെങ്കിൽ താഴെ കാണിച്ചിരിക്കുന്ന പ്രകാരം എല്ലാ ഐറ്റം കോഡുകളും തുടർച്ചയായി ടൈപ്പ് ചെയ്യുക.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 25251 | Aparna M M | 8 | G | 601 | 620 | 656 | 802 | 813 |
| | | | | | 619 | | | | |

7. ഒരു സ്കൂളിൽ നിന്നും ഒരിനത്തിൽ ഒരു ഒരു എൻട്രി മാത്രമേ അനുവദിക്കുകയുള്ളൂ.
8. കുട്ടികളുടെ ഫോട്ടോ ഓൺലൈൻ ആയി ചേർക്കണമെന്നില്ല. എന്നാൽ പങ്കെടുക്കുന്നവരുടെ ഫോട്ടോ ചേർക്കണമെന്നുണ്ടെങ്കിൽ അവ മുൻകൂട്ടി കമ്പ്യൂട്ടറിൽ സേവ് ചെയ്ത് വെച്ചിരിക്കണം. സർട്ടിഫിക്കറ്റിൽ ഫോട്ടോ പ്രിന്റ് ചെയ്ത് വരുന്നതിനാൽ ഗുണമേന്മയുള്ള ഫോട്ടോകൾ അപ്‌ലോഡ് ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുക. 30 KB യിൽ കുറവ് ഫയൽ സൈസ് ഉള്ള ഇമേജുകൾ മാത്രമേ അപ്‌ലോഡ് ചെയ്യാൻ കഴിയൂ.
9. ഒരു സ്കൂൾ ഒരിക്കൽ നൽകിയ എൻട്രികൾ കൺഫേം ചെയ്തു കഴിഞ്ഞാൽ പിന്നീട് തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ അനുവദിക്കുന്നതല്ല.
10. ഒരു കുട്ടിക്ക് ഒരു കാറ്റഗറിയിൽ 3 വ്യക്തിഗത ഇനങ്ങളിലും 2 ഗ്രൂപ്പിനങ്ങളിലും മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ. അറബി/സംസ്കൃതം സാഹിത്യോത്സവത്തിൽ പങ്കെടുക്കുന്ന ഒരു കുട്ടിക്ക് ജനറൽ കാറ്റഗറിയിലും പങ്കെടുക്കാവുന്നതാണ്
11. നിലവിലുള്ള സ്കൂൾ കലോത്സവ മാനുവലിലും, തത്സംബന്ധമായി പൊതു വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലും അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ ഇനങ്ങളിൽ ഒരു കുട്ടിയോ സ്കൂളോ പങ്കെടുക്കാൻ പാടുള്ളതല്ല.
12. മത്സരം നടക്കുമ്പോൾ ഫോട്ടോ എടുക്കാൻ അനുവദിക്കുന്നതല്ല. മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ പേരുകൾ യാതൊരു കാരണവശാലും മാറ്റാനോ പകരം ആളെ നിയോഗിക്കാനോ അനുവദിക്കുന്നതല്ല.
13. രചനാ മത്സരങ്ങൾ 15-11-2014 M ശനിയാഴ്ച നടത്തുന്നതാണ്. St Marys HS Aluva, St John the Baptist EMHS Aluva എന്നീ വിദ്യാലയങ്ങളിൽ വെച്ചാണ് രചനാ മത്സരങ്ങൾ നടക്കുന്നത്.
14. പരിപാടികളിലെ മത്സരക്രമം ആവശ്യമെന്നു കണ്ടാൽ മാറ്റത്തിനു വിധേയമാണ്.
15. സംഘ മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികളുടേയും പേരുകൾ ഓൺലൈനായി എന്റർ ചെയ്തിരിക്കണം.
16. മത്സരത്തിൽ 70 % മോ അതിലധികമോ മാർക്ക് ലഭിച്ചാൽ 5 പോയിന്റ് ( A Grade) ലഭിക്കും. 60% മുതൽ 69% വരെ മാർക്ക് ലഭിച്ചാൽ 3 പോയിന്റ് (B Grade) ലഭിക്കും. 50% മുതൽ 59% വരെ മാർക്ക് ലഭിച്ചാൽ 1 പോയിന്റ് (C Grade) ലഭിക്കും. 50% ത്തിനു താഴെ മാർക്ക് ലഭിച്ചാൽ ഗ്രേഡ് ചെയ്യുന്നതല്ല. പിന്നണിയിൽ മത്സരിക്കുന്ന കുട്ടികൾക്കും അർഹതയുണ്ടെങ്കിൽ ഗ്രേഡ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.
17. കേരള സ്കൂൾ കലോത്സവ മാനുവലിലെ നിബന്ധനകൾ സംസ്കൃതോത്സവത്തിനും അറബി സാഹിത്യോത്സവത്തിനും ബാധകമാണ്. സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾക്കു മാത്രമേ സംസ്കൃതോത്സവത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. അറബി ഭാഷ പഠിപ്പിക്കുന്ന വിദ്യാലയങ്ങളിൽ നിന്നുള്ളവരാകണം അറബി സാഹിത്യോത്സവത്തിൽ പങ്കെടുക്കേണ്ടത്.
18. മത്സര ഫലം പ്രഖ്യാപിക്കുന്നത് വിധി നിർണ്ണയത്തിന് നിയോഗിക്കപ്പെട്ടവർ തന്നെയായിരിക്കും.

19. വിധി നിർണ്ണയത്തിൽ പരാതികൾ ഉണ്ടെങ്കിൽ മത്സരഫലം പ്രഖ്യാപിച്ച് ഒരു മണിക്കൂറിനകം 1000 രൂപ ഫീസ് സഹിതം നിർദ്ദിഷ്ട ഫോറത്തിലുള്ള പരാതി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ ജനറൽ കൺവീനർക്കോ സമർപ്പിക്കേണ്ടതാണ്. അപ്പീൽ തീർപ്പ് അനുകൂലമായാൽ അപ്പീൽ ഫീസ് മുഴുവനായും തിരിച്ച് നൽകുന്നതാണ്. അപ്പീൽ തീർപ്പ് അനുകൂലമല്ലെങ്കിൽ ടി തുക മേളയുടെ സംഘാടക സമിതിക്ക് നൽകേണ്ടതാണ്.
20. A ഗ്രേഡ് ലഭിച്ച് ടോപ്പ് സ്കോർ നേടിയ ഒരു വ്യക്തിഗത ഇനം / ഗ്രൂപ്പ മാത്രമേ മേൽ തല മത്സരത്തിന് അയക്കൂ.
21. കലോത്സവ നടത്തിപ്പ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ മാനുവൽ നോക്കി ഉറപ്പു വരുത്തേണ്ടതാണ്.

## മത്സര ഇനങ്ങൾ സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ

22. എൽ പി വിഭാഗം പ്രസംഗ വിഷയം : എന്റെ നാട് ദൈവത്തിന്റെ സ്വന്തം നാട്
23. UP വിഭാഗം ഇംഗ്ലീഷ് പ്രസംഗ വിഷയം: Influence of mass media in children
24. UP വിഭാഗം ഹിന്ദി പ്രസംഗ വിഷയം: രാഷ്ട്രഭാഷ ഹിന്ദി
25. ഗാനമേള : ഉപകരണങ്ങൾ കുട്ടികൾ തന്നെ കൈകാര്യം ചെയ്യണം
26. മദ്ദളം: മദ്ദളത്തിന് അനുസാരി വാദ്യങ്ങൾ ആകാം.
27. കഥാപ്രസംഗം : പിന്നണിയിൽ തബല അല്ലെങ്കിൽ മൃദംഗം, ഹാർമ്മോണിയം അല്ലെങ്കിൽ ശ്രുതിപ്പെട്ടി, സിംബൽ ആന്റ് ടൈമിങ്, ക്ലാർനെറ്റ് അല്ലെങ്കിൽ വയലിൻ എന്നിവ ആകാം.
28. തിരുവാതിരക്കളി : പിൻപാട്ടുകാർ കുട്ടികൾ തന്നെ ആയിരിക്കണം. നിലവിളക്കും നിറപറയും ഉണ്ടായിരിക്കണം.
29. മാർഗ്ഗം കളി : മാർഗ്ഗം കളിക്ക് നിലവിളക്ക് ഉണ്ടായിരിക്കണം.
30. നാടകം : നാടകത്തിൽ പിന്നണിയിൽ വിദ്യാർത്ഥികൾ തന്നെ ആയിരിക്കണം.
31. ദേശഭക്തി ഗാനം : ദേശഭക്തി ഗാന മത്സരത്തിൽ ആൺകുട്ടികളും പെൺകുട്ടികളും ആകാം. മലയാള ഗാനം തന്നെ ആയിരിക്കണമെന്നില്ല. ദേശഭക്തി ഗാന മത്സരത്തിന് ശ്രുതി ഉപയോഗിക്കാം.
32. ശാസ്ത്രീയ സംഗീതം : ശാസ്ത്രീയ സംഗീതത്തിന് ശ്രുതി ഉപയോഗിക്കാം.
33. കഥകളി : ചേങ്ങല ഉപയോഗിക്കാം.
34. ചെണ്ട / തായമ്പക എന്ന ഉപകരണ സംഗീതത്തിന് അനുസാരി വാദ്യങ്ങൾ ആകാം. എന്നാൽ കുട്ടികൾ തന്നെ പങ്കെടുക്കണം. ഒരു ഇലത്താളം, രണ്ട് ഇടം തല, ഒരു വലം തല, ഇങ്ങനെ നാലു പേർ
35. മോഹിനിയാട്ടം, ഭരത നാട്യം, കുച്ചുപ്പുടി, കേരളനടനം, നാടോടി നൃത്തം, സംഘനൃത്തം, എന്നീ നൃത്ത ഇനങ്ങൾക്ക് പിന്നണിയിൽ റെക്കോർഡ് ചെയ്ത CD മാത്രമേ ഉപയോഗിക്കാവൂ.
36. പ്രസംഗം, കഥാരചന, കവിതാ രചന, ചിത്ര രചന, കാർട്ടൂൺ എന്നിവയുടെ വിഷയങ്ങൾ വിധികർത്താക്കൾ നിശ്ചയിക്കും.
37. ഒപ്പനയ്ക്ക് പക്കമേളമോ പിന്നണിയോ പാടില്ല. മുൻപാട്ടുകാരും പിൻ പാട്ടുകാരും വേണം. 10 പേരും സ്റ്റേജിൽ അണിനിരക്കണം. ഇതു തന്നെയാണ് വട്ടപ്പാട്ട് മത്സരത്തിന്റേയും ഘടന.
38. ഗാനമേള : മത്സരത്തിന് പങ്കെടുക്കുന്നവർ തന്നെയാകണം വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നത്. സിനിമാ ഗാനം പാടില്ല.
39. പിന്നണി അനുവദിച്ചിട്ടുള്ള ഇനങ്ങളിൽ അതാതു കാറ്റഗറിയിലെ കുട്ടികൾ തന്നെ ആകണം.

**AMBROSE C A (Con: Progr:) - 9633747263** | **Software Support : Siby Augustine 9746995808**